## പതിമൂന്നാം കേരള നിയമസഭ

### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2484 19.12.2012-ൽ മറുപടിയ്ക്ക്

### ദേശീയ അന്ധതാ നിവാരണ പരിപാടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ.വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ദേശീയ അന്ധതാ നിവാരണ പരിപാടിയുടെ (എൻ. പി. സി. ബി) ഭാഗമായി ഗ്രാമീണ ജനതയുടെ അന്ധതാ നിവാരണത്തിനായി ആരോഗ്യവകുപ്പിൽ എത്ര വിഷൻ സെന്ററുകൾ അനുവദിച്ചു; എവിടെയെല്ലാമാണ് അനുവദിച്ചത്; | (എ) ദേശീയ അന്ധതാ നിവാരണ പരിപാടിയുടെ ഭാഗമായി അന്ധതാ നിവാരണത്തിനായി സംസ്ഥാനത്ത് ഒട്ടാകെ 27 വിഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. (ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്) ഒരു ജില്ലയിൽ കുറഞ്ഞത് അഞ്ച് സെന്റർ വീതമെങ്കിലും പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) സ്കൂൾ കുട്ടികളുടെ നേത്രപരിശോധന, ഗ്ലൗക്കോമ രോഗനിർണ്ണയം, തിമിര രോഗ നിർണ്ണയം തുടങ്ങിയ നേത്ര രോഗ നിവാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി വിഷൻ സെന്റർ അപ്ഗ്രേഡ് ചെയ്ത്, സി. എച്ച്. സി. കളിലും, ടി. എച്ച്. ക്യൂ കളിലും ഒപ്റ്റോമെട്രിസ്റ്റ് തസ്തിക സൃഷ്ടിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) സംസ്ഥാനത്തെ എല്ലാ താലൂക്ക് ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ഒപ്റ്റോമെട്രിസ്റ്റുകളുടെ തസ്തിക സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ